**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **09-02-2023 - ൽ മറുപടിയ്ക്ക്**

**കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജിഡയുടെ സഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ സഹായത്തോടെ നിർമ്മിയ്ക്കുന്ന വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ചാത്തനാട് ഭാഗത്തെ പൈലിംഗ് ജോലികൾ പൂർത്തിയായിട്ടുള്ളതും തുടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കുന്നവർക്ക് മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള കത്തിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; അനുമതി എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ ഏഴിക്കര, കടമക്കുടി വില്ലേജുകളിൽ ഉൾപ്പെട്ട 0.92923 ഹെക്ടർ ഭൂമി, വലിയ കടമക്കുടി - ചാത്തനാട് പാലവും അപ്രോച്ച് റോഡും നിർമ്മിയ്ക്കുന്നതിനായി ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ഏറ്റെടുക്കുമ്പോൾ, കുടിയൊഴിപ്പിക്കപ്പെടുന്നവരിൽ വീട് വയ്ക്കുന്നതിന് മറ്റ് സ്ഥലമില്ലാത്തവർക്ക് പ്രത്യേക പാക്കേജായി മൂന്ന് സെന്റ് ഭൂമി അനുവദിയ്ക്കുന്നത് സംബന്ധിച്ച് ജിഡ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ റവന്യൂ, നിയമ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധന നടത്തിവരികയുമാണ്. |
| (സി) | വലിയ കടമക്കുടി ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി) | വലിയ കടമക്കുടി ഭാഗത്തെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ